# പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.215 — 09.03.2017 ന് മറുപടിയ്ക്ക്

## വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കാർഷിക നഷ്ടം പരിഹരിക്കാനുള്ള ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കൃഷി ഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക യഥാവിധി ചെലവാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) കൃഷി ഭൂമിയിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും അനുവദിച്ച തുക യഥാവിധി ചെലവാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫീൽഡ് പരിശോധനകളും, വകുപ്പുതലത്തിലുള്ള അവലോകന യോഗങ്ങളും നടത്തുന്നുണ്ട്. |
| (ബി) അവലോകന യോഗങ്ങൾക്കും ഫീൽഡ് പരിശോധനകൾക്കും പുറമേ പ്രസ്തുത ഫണ്ടിന്മേൽ ആഡിറ്റിംഗ് നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ, | (ബി) ഉണ്ട്. വകുപ്പുതല ആഡിറ്റ് വിഭാഗവും, അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗവും പരിശോധന നടത്തുന്നുണ്ട്. |
| (സി) ഇത്തരത്തിലുള്ള ഫണ്ടിന്റെ വിനിയോഗത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) ഇത്തരത്തിലുള്ള ഫണ്ടിന്റെ വിനിയോഗത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ